"ഭരണഭാഷ- മാതൃഭാഷ "

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-കുടുംബശ്രീ- ജീവനക്കാര്യം- മലപ്പുറം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായ ശ്രീമതി.പ്രതീഷ.കെ (ക്ലർക്ക്, കരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്) യുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2150/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/11/2020

പരാമർശം:- 1 10.05.2013തീയതിയിലെ 42/2013/ധന നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി) നം.580/2013/ധന

3 02.07.2018-ലെ സ.ഉ(സാധാ) നം.1806/2018/തസ്വഭവ

4 07.08.2019-ലെ സ.ഉ(സാധാ) നം.1709/2019/തസ്വഭവ

5 കുടുംബശ്രീ ഡയറക്ടറുടെ 12.10.2020-ലെ 4231/ഇ1/2019/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് കരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ ക്ലർക്കായ ശ്രീമതി.പ്രതീഷ.കെ-യെ പരാമർശം (3) സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ നിയമിക്കുകയും പരാമർശം (4) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 09.07.2020 വരെ ദീർഘിപ്പിച്ച നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 09.07.2020-ൽ അവസാനിച്ചതായും 10.07.2020 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവന ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (5)-ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.പ്രതീഷ.കെ-യുടെ കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾ ഭാഗം -1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 10.07.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹരികുമാർ എ എസ്
അണ്ടർ സെക്രട്ടറി

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി.പ്രതീഷ.കെ (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ), കേരള തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ